രണിയിലെത്തിക്കുന്നതും അവിടെനിന്നും 1100 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പിൽ കൂടി കായൽ ഭാഗങ്ങൾ കടന്ന് വളന്തകാടുവഴി മരട് നെട്ടൂരിൽ നിർമ്മിക്കുന്ന 100 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തുന്നതും അവിടെനിന്നും ശുദ്ധീകരണത്തിനുശേഷം പുതുതായി നിർമ്മിക്കുന്ന പമ്പ് ഹൗസിൽനിന്ന് നഗരത്തിലേയും പഞ്ചായത്തുകളിലേയും വിവിധ കേന്ദ്രങ്ങളിൽ എത്തിച്ച് വിതരണം ചെയ്യുവാനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ പദ്ധതിയുടെ മൊത്തം സ്ഥാപിതശേഷി 100 എം.എൽ.ഡി. ആണ്. ഇത് 2.3 ലക്ഷം ആൾക്കാർക്ക് പ്രയോജനം കിട്ടുന്നതും 201 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമാണ്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഇതിനോടകം തന്നെ ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. 2012 മാർച്ച് മാസത്തോടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ

19 (*499) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. പി. ജയരാജൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഓണക്കാലത്തെ ടൂറിസം വാരാഘോഷത്തിന് കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ഡി) ഈ വർഷം മാർക്കറ്റിംഗിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യയിലെ വിവിധ നഗരങ്ങളിൽ ടൂറിസം വകുപ്പ് ഈ വർഷം പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് നിരവധി പരിപാടികൾ ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതിനുപുറമേ സ്കാൻഡിനേവിയൻ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങളിലെ പ്രധാനപ്പെട്ട അഞ്ച് നഗരങ്ങളിലും ഇംഗ്ലണ്ടിലെ നാല് നഗരങ്ങളിലും റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ലണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലെ ചെറുകിട ടൂർ ഓപ്പറേറ്റർമാരുടെ സംഘടനയായ Association of Independent Tour Operators (AITO) യുടെ വാർഷിക പൊതുയോഗം കേരള ടൂറിസവുമായി സഹകരിച്ച് 2009 നവംബറിൽ കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. കേരള ടൂറിസത്തിന്റെ ഏറ്റവും വലിയ വിപണിയായ ഇംഗ്ലണ്ടിലെ ഈ സംഘടനയുടെ വാർഷിക പൊതുയോഗം കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത് വരും വർഷങ്ങളിൽ കേരളാടൂറിസത്തിന് ഇംഗ്ലണ്ടിലെ വിപണിയിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നുവെന്ന കാര്യം തീർച്ചയാണ്. കൂടാതെ അന്തർദേശീയ തലത്തിൽ പ്രചാരണത്തിൽ മുൻപന്തിയിലുള്ള ടൂറിസം മാഗസീനുകളിൽ പരസ്യപ്രചരണങ്ങൾ നൽകി വരുന്നുണ്ട്. വിദേശരാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന എല്ലാ ടൂറിസം മേളകളിലും ട്രേഡ് ഫെയറുകളിലും കേരളാ ടൂറിസം പങ്കെടുത്ത് പ്രചരണം നടത്തിവരുന്നു. കെ.ടി.ഡി.സി.യും വിവിധ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനതല ഓണാഘോഷത്തിൽ വിദേശടൂറിസ്റ്റുകളെക്കൂടി ലക്ഷ്യമിട്ടുകൊണ്ട് കഥകളി, നാടൻ കലകൾ, വാദ്യമേളങ്ങൾ എന്നീ കലാരൂപങ്ങളും കളരിപ്പയറ്റും ഈ വർഷത്തെ പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓണാഘോഷങ്ങളോടനുബന്ധിച്ചുള്ള പരിപാടികൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഉൾപ്പെടുത്തുന്നതാണ്.

(സി) 2010-11 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പിന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) വിദേശസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചാരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ യൂറോപ്പിലെ പ്രധാന നഗരങ്ങളിൽ ടൂറിസം വർക്ക് ഷോപ്പുകൾ (ബിസിനസ് മീറ്റ്) സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പരസ്യ പ്രചാരണത്തിനായി അന്തർദേശീയ തലത്തിൽ പ്രചാരത്തിലുള്ള മികച്ച ടൂറിസം മാഗസീനുകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും പ്രചാരണങ്ങൾ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുക്കുന്നുണ്ട്. കൂടാതെ ഇൻഡ്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയതലത്തിൽ പ്രചാരത്തിലുള്ള വിവിധ ടൂറിസം മാഗസീനുകളിൽ പരസ്യം നൽകി പ്രചാരണം നടത്തുന്നുണ്ട്.

പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാൻ നടപടി

20 (*500) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ;

(ബി) 30 മൈക്രോണിൽ കുറഞ്ഞ കനമുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവുകൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം മറ്റ് തരത്തിലുള്ള പേപ്പർ ബാഗുകൾ വ്യാപകമായി ഉപയോഗിക്കുന്നതിന് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ഡി) ഇത്തരം പേപ്പർ ബാഗുകൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട് ;

(ഇ) പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിൽ പൂർണ്ണ വിജയം കൈവരിക്കാനാകാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്ലാസ്റ്റിക് ബാഗുകളും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) 30 മൈക്രോൺവരെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനം 2007 സെപ്റ്റംബർ 1 മുതൽ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് കർശനമായി നടപ്പിലാക്കാനുള്ള സർക്കാർ ഉത്തരവ് ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി, പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട 2007 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ, സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിരോധിച്ച ഉൽപന്നങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും നിരുൽസാഹപ്പെ

LIBRARY ARCHIVES Kerala Legislative Assembly